റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി

106 (3866) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി-പെരുനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരോഗ്യ വകുപ്പിലെ ഏത് തസ്തികയിലുള്ള ഉദ്യോഗസ്ഥനാണ് പരാതികളെപ്പറ്റി അന്വേഷണം നടത്തിയത് ;

(സി) പ്രസ്തുത റിപ്പോർട്ടിൽ പ്രധാനമായും ഉണ്ടായ പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) എന്തൊക്കെ അച്ചടക്ക നടപടികൾ സ്വീകരിക്കാനാണ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നത് ; ഇതിൻമേൽ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിന്റെ കാരണം എന്തെന്ന് വിശദീകരിക്കാമോ ;

(ഇ) ഈ ഡോക്ടറെ ഇടുക്കിയിലേക്ക് സ്ഥലം മാറ്റിക്കൊണ്ടുള്ള ഉത്തരവ് എന്നാണ് പുറത്തിറങ്ങിയത് ;

(എഫ്) ഈ ഉത്തരവ് മരവിപ്പിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചവർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ജി) കുറ്റവാളികളെ ഇത്തരത്തിൽ സംരക്ഷിക്കുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് നിലവിലുള്ള നിയമത്തിൽ അനുശാസിച്ചിട്ടുള്ളത് ;

(എച്ച്) ഇവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം സമയബന്ധിതമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ.

(സി) അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ/ഹാജർ പുസ്തകത്തിൽ കൃത്രിമം കാണിക്കൽ, രോഗികളെ ചികിത്സിക്കുന്നതിൽ അനാസ്ഥ, ജീവനക്കാർക്ക് ശമ്പളം നൽകുന്നതിൽ കാലതാമസംവരുത്തൽ, പൊതുജനങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കൽ, കോമ്പൗണ്ട് മതിൽ നിർമ്മാണം സംബന്ധിച്ച് ഒരു കോൺട്രാക്ടർ ഉന്നയിച്ചിരിക്കുന്ന ആരോപണം, ഗവൺമെന്റ് നിർദ്ദേശത്തിന് വിപരീതമായി സ്റ്റാഫ് നേഴ്സുമാരെ വിടുതൽചെയ്യൽ എന്നിവയാണ് റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ.

(ഡി) അച്ചടക്ക നടപടികൾ സംബന്ധിച്ച് നിർദ്ദേശം സമർപ്പിക്കേണ്ടതും സ്വീകരിക്കേണ്ടതും അന്വേഷണ ഉദ്യോഗസ്ഥനല്ല. ക്രമക്കേട്, കൃത്യവിലോപം തുടങ്ങിയുള്ള കാര്യങ്ങളിൽ പ്രാഥമിക അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് വസ്തുതാപരമായ റിപ്പോർട്ട് സമർപ്പിക്കേണ്ട കടമയേയുള്ളൂ. ഈ സംഗതി സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 17-1-2003-ൽ.

(എഫ്) പ്രസ്തുത ആശുപത്രിയിലെ മറ്റു ഡോക്ടർമാർ അവധിയിൽ ആയിരുന്നതുകൊണ്ട് അദ്ദേഹത്തെ വിടുതൽ ചെയ്യാൻ ബുദ്ധിമുട്ടായതിനാൽ പ്രസ്തുത സ്ഥലത്ത് തുടരുകയായിരുന്നു. അദ്ദേഹത്തെ പിന്നീട് പ്രസ്തുത ജില്ലയിൽ തന്നെയുള്ള കോന്നി പി.എച്ച്.സി.യിലേയ്ക്ക് സ്ഥലംമാറ്റുകയും റാന്നി പെരുനാട് ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്യുകയും ചെയ്തു.

(ജി&എച്ച്) ബാധകമല്ല.

പാറശ്ശാല ഗവൺമെന്റ് ആശുപത്രി സൂപ്രണ്ടിന്റെ കൃത്യവിലോപം

107 (3867) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകമാനം പെൻഷൻ പറ്റിയ എത്ര ഡോക്ടർമാരെ വിവിധ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) പാലക്കാട്, തിരുവനന്തപുരം ജില്ലകളിലെ വിവിധ ആശുപത്രികളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ചില സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമർ റിട്ടയേർഡ് മെഡിക്കൽ ഓഫീസർമാർക്ക് അമിതമായ അധികാരങ്ങൾ വിവിധ സർക്കുലറുകൾ വഴി നൽകി ഡ്യൂട്ടി ഡോക്ടർമാരെ ആരോഗ്യ പരിപാലന രംഗത്തു നിന്നും മാറ്റി നിറുത്തി പണം പറ്റുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ആയതുമായി ബന്ധപ്പെട്ട് പാറശ്ശാലാ ഗവൺമെന്റ് ആശുപത്രി സൂപ്രണ്ടിന്റെ നം.എ/547/2003/ജി.എച്ച്.തീയതി 4-6-2003. സർക്കുലർ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാനും ഇതിൻപ്രകാരമുള്ള സർക്കുലർ റദ്ദ് ചെയ്യുവാനും നടപടികൾ സ്വീകരിക്കുമോ ;

(ഇ) പകർച്ചവ്യാധികൾ പടരുന്ന ഈ കാലത്ത് ഗുരുതരാവസ്ഥയിലുള്ള രോഗിയെ അഡ്മിറ്റ് ചെയ്യുവാൻ ഡ്യൂട്ടി ഡോക്ടർക്ക് അനുവാദം നിഷേധിച്ച് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ച ആശുപത്രി സൂപ്രണ്ടിന്റെ നടപടി പരിശോധിച്ച് വേണ്ട ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത സൂപ്രണ്ടിനെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൃത്യവിലോപത്തിന് സസ്പെന്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഈ കേസിൽ എന്തു നടപടിയ്ക്കാണ് ടിയാൻ വിധേയനായത് എന്ന് വ്യക്തമാക്കുമോ ;

(ജി) ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം ഇല്ലാതെ ടിയാൻ വിതരണം ചെയ്ത സർക്കുലറുകൾ നൽകുവാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സൂപ്രണ്ടിനെ മാറ്റി നിർത്തി അന്വേഷണം നടത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly